ഉത്തരം

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ മൂകർ, ബുദ്ധി മാന്ദ്യം സംഭവിച്ചവർ, മിനിമം 40% അംഗവൈകല്യമുള്ള മറ്റു വികലാംഗർ, 100% കാഴ്ച ശക്തി നഷ്ടപ്പെട്ട അന്ധർ എന്നിവരിൽ വ്യക്തിഗത വാർഷിക വരുമാനം 3000 രൂപയ്ക്കും കുടുംബ വാർഷിക വരുമാനം 6000 രൂപയ്ക്കും താഴെയുള്ളവർക്കാണ് വികലാംഗ പെൻഷൻ അനുവദിക്കുന്നത്. ഇപ്രകാരം അർഹതയുള്ളവർ പെൻഷൻ അനുവദിച്ചുകിട്ടുന്നതിന് നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തലവനാണ് നൽകേണ്ടത്.

(ബി) വികലാംഗ പെൻഷന് അപേക്ഷിക്കുന്നതിന് നിശ്ചിത ഫാറത്തിലുള്ള അപേക്ഷയുണ്ട്. ടി ഫോറത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. †

സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക

23 [1324] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരെ സംബന്ധിച്ച് 28-2-2001-ലെ ജി.ഒ. (എംഎസ്.) നമ്പർ 7/2001/എസ്.ഡബ്ലിയു.ഡി. ഉത്തരവു പ്രകാരം പൂർവ്വകാല പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തിയിട്ടും പ്രസ്തുത ഉത്തരവിൻ പ്രകാരം ശമ്പള കുടിശ്ശിക നൽകാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു;

(സി) ജീവനക്കാരുടെ കുടിശ്ശിക ശമ്പളം നൽകുന്നതിനായി സർക്കാർ നൽകിയ 21-8-2001-ലെ നമ്പർ 4327/ബി3/01 എസ്.ഡബ്ലിയു.ഡി. കത്തും 13-9-2002-ലെ 5365/ബി3/02/എസ്.ഡബ്ലിയു.ഡി. നമ്പർ കത്തും പ്രകാരം നിർദ്ദേശം നൽകിയിട്ടും കോർപ്പറേഷൻ ശമ്പള കുടിശ്ശിക നൽകിയിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ഗവൺമെന്റ് തീരുമാനം പുനഃപരിശോധിക്കണം എന്ന് ആവശ്യപ്പെടാൻ ഏതെങ്കിലും സ്ഥാപനത്തിനോ ഉദ്യോഗസ്ഥനോ അധികാരം ഉണ്ടോ;

(എഫ്) ഇല്ലെങ്കിൽ സർക്കാർ ഉത്തരവ് യഥാവിധി നടപ്പാക്കാതിരുന്നതും കാലതാമസം വരുത്തുന്നതുമായ ഉദ്യോഗസ്ഥരുടെ മേൽ സർക്കാർ നടപടി സ്വീകരിക്കുമോ;

(ജി) വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് സർക്കാർ ഉത്തരവിൻ പ്രകാരമുള്ള കുടിശ്ശിക ശമ്പളം നൽകുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അടിയന്തിര നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ഉത്തരവിൽ പുർവകാല കുടിശ്ശിക നൽകാൻ ശുപാർശ ചെയ്തിട്ടില്ല.

(ബി) ജീവനക്കാർക്ക് പ്രസ്തുത ഉത്തരവിന്റെ തീയതിമുതലുള്ള ശമ്പള കുടിശ്ശിക വിതരണം ചെയ്തു.

(സി ആന്റ് ഡി) 21-8-2001, 13-9-2002 എന്നീ തീയതികളിലെ സർക്കാർ കത്തുകളിൽ 28-2-2002-ലെ സർക്കാർ ഉത്തരവിൻപ്രകാരം നടപടിയെടുക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. 13-9-2002-ലെ കത്തിന് മറുപടിയായി ഇത് സംബന്ധിച്ച് കോർപ്പറേഷൻ ജീവനക്കാരിയായ ശ്രീമതി ചന്ദ്രിക, ഹൈക്കോടതിയിൽ ഒ.പി. നമ്പർ 9998/2002 ഫയൽ ചെയ്തിട്ടുള്ള വിവരം എം.ഡി. ഗവൺമെന്റിനെ അറിയിച്ച് പ്രസ്തുത കേസിലെ വിധിന്യായത്തിൽ ഹൈക്കോടതി മുന്നുമാസത്തിനകം ഹർജിക്കാരിയുടെ ആവശ്യത്തിന്മേൽ തീരുമാനം കൈക്കൊള്ളാൻ ഗവൺമെന്റിനോട് നിർദ്ദേശിക്കുകയും അതിൻപ്രകാരം ഹർജിക്കാരിയുടെ സർവീസ് ക്രമീകരിച്ചത് ഒരു സൗജന്യമെന്ന നിലയ്ക്ക് മാത്രമാകയാൽ ടിയാൻ 13-3-2001 മുതലുള്ള കുടിശ്ശികയ്ക്കുമാത്രമേ അർഹതയുള്ളൂ എന്ന തീരുമാനം ഗവൺമെന്റ് കൈക്കൊണ്ട് 10-7-2003-ൽ 5778/ബി3/03/സാക്ഷേവ നമ്പർ രജിസ്ട്രേഡ് കത്തു പ്രകാരം ഹർജിക്കാരിയെ വിവരം അറിയിച്ചിട്ടുള്ളതുമാണ്.

(ഇ) എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടാക്കുന്നതോ ന്യായയുക്തമല്ലെന്നും തോന്നുന്നതോ ചട്ടങ്ങൾക്കോ, കോടതി നിർദ്ദേശങ്ങൾക്കോ വിരുദ്ധമായി നൽകുന്നതോ ആയി കാണുന്ന ഗവ. തീരുമാനങ്ങൾ പുനഃപരിശോധിക്കാൻ അഭ്യർത്ഥിക്കാവുന്നതാണ്. എന്നാൽ ഇക്കാര്യത്തിൽ വനിതാ വികസന കോർപ്പറേഷൻ പുനഃപരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടില്ല.

(എഫ് ആന്റ് ജി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അംഗൻവാടി അദ്ധ്യാപികമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്ന പ്രതിമാസ വേതനം

24 [1325] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി അദ്ധ്യാപികമാർക്കും ഹെൽപ്പർമാർക്കും ഇപ്പോൾ നൽകിവരുന്ന പ്രതിമാസവേതനം എത്രയാണ്.

(ബി) കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചപ്രകാരമുള്ള വേതനം ഇവർക്ക് നൽകുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly